എസ്റ്റാ 1/1348/2016-17/KSLA&SWFB

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും
വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്,
ഹെഡ് ഓഫീസ്, പാളയം, തിരുവനന്തപുരം
തീയതി: 04.08.2017

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ, കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ
തിരുവനന്തപുരം

സർ,

വിഷയം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, ഹെഡ് ഓഫീസ് - ക്ഷേമനിധി അംഗങ്ങൾക്ക് യൂണിഫോം നിർമ്മിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും തമ്മിൽ ഒപ്പുവച്ച ധാരണാപത്രം.

2. 22.06.2017-ലെ ബോർഡ് യോഗ തീരുമാനം.

കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് യൂണിഫോം (കോട്ടുകൾ) തയ്ച്ചു നൽകുന്നതിന് ഒരു കോട്ടിന് 300/- രൂപ നിരക്ക് അംഗീകരിച്ച് സൂചന (1) പ്രകാരം ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം അനുസരിച്ച് സൂചന (2) ബോർഡ് യോഗതീരുമാന പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങൾക്ക് വേണ്ടി 50,000 എണ്ണം കോട്ടുകൾ (യൂണിഫോം) തയ്ച്ച് നൽകുന്നതിന് ഈ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുന്നു.

സൂചന (1) ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം 50,000 കോട്ടുകൾ അടിയന്തിരമായി തയ്ച്ച് 20,000 കോട്ടുകൾ 2017 സെപ്തംബർ 11-ാം തീയതിയ്ക്കു മുൻപായും, 30,000 കോട്ടുകൾ 2017 ഒക്ടോബർ 31-ാം തീയതിയ്ക്കു മുൻപായും നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കുവേണ്ടി**

**STATE WELFARE OFFICER OF LOTTERY**
**Head Office**
**Thiruvananthapuram**